LIBRARY ARCHIVES Kerala Legislative Assembly

**കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിലനിർത്താൻ നടപടി**

262 (1306) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ രൂപീകരിച്ചത് എന്നാണ് ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള ഒരു സംവിധാനം എന്ന നിലയിൽ പ്രസ്തുത സ്ഥാപനത്തിന് ടെണ്ടറിൽ പങ്കെടുക്കുന്നതിനും ചെയ്ത പ്രവൃത്തികളുടെ പണം നൽകുന്നതിനും എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ ഇപ്പോൾ നൽകി വരുന്നുണ്ടോ ; ഇല്ലെങ്കിൽ ആയത് നിർത്തലാക്കാൻ ഉണ്ടായ കാരണങ്ങൾ വിശദമാക്കാമോ ;

(ഡി) പ്രസ്തുത ആനുകൂല്യങ്ങൾ ഒഴിവാക്കുക മൂലം പൊതുമരാമത്ത് പ്രവർത്തികളിൽ സ്വകാര്യ കരാറുകാർ നടത്തുന്ന അധിക സാമ്പത്തിക ബാദ്ധ്യതയ്ക്ക് തടയിടാൻ ഫലപ്രദമായ ഇടപെടൽ നടത്തുന്ന സർക്കാർ നിയന്ത്രിത സ്ഥാപനം ഇല്ലാതാകുമെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ കെ.എസ്.സി.സി.-യെ ഈ മേഖലയിൽ നിലനിർത്തുന്നതിന് ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) സർക്കാർ നിർമ്മാണ പ്രവർത്തനങ്ങൾ ഗുണനിലവാരത്തോടെ ഏറ്റെടുത്ത് പൂർത്തീകരിക്കാനാണ് 1975-ൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ രൂപീകരിച്ചത്.

(ബി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സർക്കാരിന്റെ ടെണ്ടറുകളിൽ പങ്കെടുക്കുവാൻ പ്രീ ക്വാളിഫൈ ചെയ്തിട്ടുണ്ട്. ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 'എ' ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമെ മറ്റ് കരാറുകാരിൽനിന്നും 10% അധിക നിരക്കിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടർ സമർപ്പിച്ചാൽ പ്രസ്തുത കരാർ പരിഗണിക്കാനും വ്യവസ്ഥയുണ്ട്.

(സി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പങ്കെടുക്കുന്ന ടെണ്ടർ നടപടികളിൽ 10% പ്രൈസ് പ്രിഫറൻസ് അനുവദിച്ച് കരാർ നൽകാൻ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഈ ആനുകൂല്യം കമ്പനി നേരിട്ട് നടത്തുന്ന പ്രവൃത്തികൾക്കായി പരിമിതപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(ഡി&ഇ ) ഇക്കാര്യം പരിശോധിക്കുന്നതാണ്.